<u>ഭരണഭാഷ-മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററിവിഭാഗം, ന്യൂ ബിൽഡിംഗ്സ്,
ഉള്ളൂർ ലെയിൻ,ജഗതി
ഫോൺ: 0471-2580737
മെയിൽ-cgacdhse@gmail.com

**സി.ജി.എ.സി-1/15792 /2025/എച്ച്.എസ്.ഇ തീയതി: 28-07-2025**

## <u>സർക്കുലർ</u>

**വിഷയം: സി.ജി & എ.സി - 2025 വർഷം സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കരിയർ ദിനാഘോഷം സംഘടിപ്പിക്കുന്നത്- നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.**

**സൂചന : G.O.(Rt)No.3860/2025/GEDN Dated 16-06-2025**

എല്ലാ വർഷവും ആഗസ്റ്റ് ഒന്നാം തീയതി സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകൾ "**കരിയർദിനം** ആയി ആഘോഷിക്കുന്നു. 2025, **ആഗസ്റ്റ് ഒന്നാം തീയതി** കരിയർ ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1)ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ ഒരു പ്രത്യേക അസംബ്ലി വിളിച്ച് കൂട്ടുകയും, വിദ്യാർത്ഥികൾക്ക് **"കരിയർ ഗോൾ സെറ്റിംഗ്"** എന്ന വിഷയത്തിൽ ആ സ്കൂളുകളിൽ കരിയർ ഗൈഡ് ആയി പ്രവർത്തിക്കുന്ന അദ്ധ്യാപകൻ/അദ്ധ്യാപിക ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന ക്ലാസ് നൽകേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ആ ദിവസം ക്ലാസ് നടത്താൻ കഴിയാത്ത പക്ഷം ഏറ്റവും അടുത്ത ദിവസം തന്നെ ക്ലാസ് നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

2)അന്നേ ദിവസം സെക്കന്ററി വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരും അവരുടെ പിരീയഡുകളിൽ അവർ പഠിപ്പിക്കുന്ന വിഷയത്തിലെ തുടർ പഠന സാധ്യതകളെപ്പറ്റിയും തൊഴിൽ സാധ്യതകളെക്കുറിച്ചും 20 മിനിറ്റിൽ കുറയാത്ത ഒരു അവബോധ ക്ലാസ് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

3)തുടർ പഠന മേഖലകളെ കുറിച്ചും, ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് ശേഷമുള്ള പ്രവേശന പരീക്ഷകളെക്കുറിച്ചും യഥാസമയം വിദ്യാർത്ഥികളെ ബോധവാൻമാരാക്കേണ്ടതുണ്ട്. ഇതിനായി **"കരിയർ-എഫ്.എം"** എന്ന പേരിൽ വിവിധ കരിയർ സാദ്ധ്യതകളെക്കുറിച്ച് 2 മുതൽ 3 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഓഡിയോ സന്ദേശം ആഴ്ചയിൽ 2 ദിവസം **ആഗസ്റ്റ് 1** മുതൽ ലഭ്യമാക്കുന്നതാണ്. ഇത് സ്കൂൾ അസംബ്ലിയിലോ ,ക്ലാസ് റൂമിൽ സജ്ജമാക്കിയിട്ടുള്ള സ്പീക്കർ മുഖേനയോ, മറ്റ് മാർഗ്ഗങ്ങളിലൂടെയോ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇതിന്റെ സ്ക്രിപ്റ്റ് കരിയർ ഗൈഡുമാർക്ക് ലഭ്യമാക്കുന്നതും അത് പ്രിൻറ് ചെയ്ത് കരിയർ വാളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

Signed by
Shanavas S
Date: 28-07-2025 16:08:05

**SHANAVAS S IAS**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1)എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്കും
2)മേഖലാ ഉപമേധാവിമാർക്ക്